ഉത്തരം

(എ) 22.43 കിലോഗ്രാം അരിയാണ് ആളോഹരി ഉല്പാദനം.

(ബി) മരച്ചീനി 87 കിലോഗ്രാം, മധുരക്കിഴങ്ങ് 600 ഗ്രാം, പയറുവർഗ്ഗങ്ങൾ 400 ഗ്രാം.

96 (385) മണ്ഡരി രോഗം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളിൽ മണ്ഡരിരോഗം ബാധിച്ചതുമൂലം തേങ്ങയുടെ വിളവ് എത്ര കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മണ്ഡരി രോഗംമൂലം വിളവ് കുറയുന്നതിനാൽ കേരകർഷകർക്ക് എന്തെങ്കിലും ആശ്വാസ സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കർഷകർക്ക് ധനസഹായം നൽകുന്നതിനും തെങ്ങുകളിൽ മരുന്നു തളിക്കുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന്; എത്ര തുക ആവശ്യപ്പെട്ടു; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മണ്ഡരി പ്രതിരോധിക്കുന്നതിനായി മരുന്നു തളിക്കുവാൻ സഹായം നൽകുന്നുണ്ട്.

(ഡി) ഉണ്ട്. നവംബർ 1999-ൽ കേന്ദ്ര സർക്കാരിനോട് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

97 (386) മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ തെങ്ങിന് പടർന്നുപിടിച്ചിട്ടുള്ള മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ കേരളത്തിൽ ലഭ്യമാണോ;

(ബി) ഇതിനുതകുന്ന ജൈവ കീടനാശിനികളും രാസകീടനാശിനികളും ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ കൃഷി വകുപ്പ് മുഖാന്തിരം കൃഷിഭവനിലൂടെ കർഷകർക്ക് സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം കീടനാശിനിയുടെ ഉപയോഗം ഫലപ്രദമാണെന്ന് കാർഷിക സർവകലാശാല ശാസ്ത്രജ്ഞരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആണ്.

(ബി) രാസകീടനാശിനി - ഡൈക്കോഫോൾ 0.1% വീര്യത്തിൽ

ജൈവകീടനാശിനി - വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം 2% വീര്യത്തിൽ

(സി) ഉണ്ട്.

(ഡി) കേരള കാർഷിക സർവകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും നടത്തിയ പരീക്ഷണങ്ങളിൽ മേൽപ്പറഞ്ഞ കീടനാശിനികൾ മണ്ഡരിക്കെതിരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

98 (387) മണ്ഡരി രോഗം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൾക്ക് വ്യാപകമായി പിടിപ്പെട്ടിരിക്കുന്ന മണ്ഡരി രോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രോഗം തടയുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര സ്ഥലത്താണ് രോഗം ബാധിച്ചിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി കീടബാധയെ ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിയന്ത്രണ മാർഗ്ഗത്തിന് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ജില്ലാ കൃഷി ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉദ്ദേശം 181231.5 ഹെക്ടർ സ്ഥലത്തെ തെങ്ങുകൃഷി മണ്ഡരി കീടബാധിതമാണെന്ന് കണക്കാക്കപ്പെടുന്നു.

99 (388) മണ്ഡരി രോഗബാധ കാരണം കേരളത്തിലെ കേര കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗബാധ കാരണം കേരളത്തിലെ കേര കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ ഗൗരവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly